1. ഇ.ബി. XIII-കേരള നിയമസഭ/XI-17

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 01, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### അബ്ദുൾ ഷെരീഫിന്റെ കൊലപാതകം

മി. സ്പീക്കർ: കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിൽപെട്ട പാണത്തൂരിൽ 29/06/2014-ന് ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ അബ്ദുൾ ഷെരീഫിനെ ആയുധധാരികളായ ഗുണ്ടകൾ സംഘംചേർന്ന് കൊലപ്പെടുത്തിയതിനെത്തുടർന്ന് ജനങ്ങളാകെ ആശങ്കയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ

നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ജെയിംസ് മാത്യു, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരൻ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിൽ 25/06/2014-ന് പ്രാദേശികമായുണ്ടായ വാക്കുതർക്കങ്ങളെ തുടർന്ന് ബി.ജെ.പി. അനുഭാവിയായ അരുൺലാലും 29/06/2014-ന് സി.പി.ഐ.(എം) അനുഭാവിയായ ഷെരീഫും കൊലചെയ്യപ്പെടുകയുണ്ടായി. പ്രസ്തുത സംഭവങ്ങൾ രാഷ്ട്രീയ വിരോധംമൂലമുണ്ടായവയല്ല. ഈ കൊലപാതകങ്ങൾ സംബന്ധിച്ച് രാജപുരം പോലീസ് സ്റ്റേഷനിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പ്രതികളെ പിടികൂടിയിട്ടുള്ളതുമാണ്. സംഭവസ്ഥലം ബന്ധപ്പെട്ട എസ്.പി. സന്ദർശിക്കുകയും പോലീസ് കൂടുതൽ ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ അവിടെ സംഘർഷാവസ്ഥ നിലവിലില്ല. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ജെയിംസ് മാത്യു: 29-06-2014-ന് നോമ്പുതുറ കഴിഞ്ഞ്

പള്ളിയിൽനിന്നും പുറത്തേയ്ക്കുവന്ന അബ്ദുൾ ഷെരീഫാണ് ഗൂഢാലോചനയുടെ ഭാഗമായി കൊലചെയ്യപ്പെട്ടത്. പള്ളിയിൽ നിന്നും പുറത്തിറങ്ങിയവരാണ് പ്രതികളെ പിടികൂടിയത്. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉചിതമായ നടപടികളുണ്ടാകണം. പാണത്തൂരും ചെമ്പേരിയിലുമുള്ള മണൽ/മദ്യ മാഫിയകളുമായി കൊലയാളികൾക്കുള്ള ബന്ധത്തെ സംബന്ധിച്ച് പരിശോധിക്കണം. ഇത്തരം സ്ഥിതിവിശേഷങ്ങൾ നേരിടാൻ പ്രാപ്തിയില്ലാത്തവരായി പോലീസ് സേന മാറിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊലപാതകങ്ങളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. പോലീസ് സേനയെ രാഷ്ട്രീയവൽക്കരിക്കുകയാണ്. നിഷ്പക്ഷവും സ്വതന്ത്രവുമായ പ്രവർത്തനത്തിന് പോലീസ് സേനയെ സജ്ജമാക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ അബ്ദുൾ ഷെരീഫിന്റെ കൊലപാതകത്തെത്തുടർന്ന് ജനങ്ങളാകെ ആശങ്കയിലാണ്. അവിടെ ക്രമസമാധാനം പുന:സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അബ്ദുൾ

ഷെറീഫിന്റെ കൊലപാതകത്തിന് പിന്നിൽ മണൽക്കടത്തും വനം കൊള്ളയുമടക്കമുള്ള പ്രശ്നങ്ങളാണ്. പ്രദേശത്ത് കൂടുതൽ അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാൻ പോലീസ് പട്രോളിംഗ് ശക്തമാക്കുകയും ജില്ലാ പോലീസ് മേധാവി സംഭവസ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ഉന്നത പോലീസ് ഉദ്യോഗസ്ഥർ സ്ഥലത്ത് ക്യാമ്പ് ചെയ്യുകയും ചെയ്യുന്നുണ്ട്. കണ്ണൂർ ഐ.ജി. യോട് സ്ഥലം സന്ദർശിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട്ടും കൊടുങ്ങല്ലൂരും കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതും വിക്റ്റിം കോമ്പൻസേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ടയാളുടെ കുടുംബത്തിന് സഹായം നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതുമാണ്. രാഷ്ട്രീയത്തിന്റെ മറവിൽ ക്രിമിനലുകൾ നടത്തുന്ന കൊലപാതകങ്ങളും അക്രമങ്ങളും തടയുന്നതിന് മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി

അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

## (1) സൈബർ കുറ്റകൃത്യങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ: സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ ഫലമായി ദിനംപ്രതി നിരവധി കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയാണ്. ഇന്റർനെറ്റ് വഴി സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽ വ്യാജ പ്രൊഫൈൽ ഉണ്ടാക്കി മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്ന അവസ്ഥ നിയന്ത്രിക്കുന്നതിനും വിവിധതരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും ഇപ്പോഴുള്ള സംവിധാനം അപര്യാപ്തമാണ്. സോഷ്യൽ മീഡിയകളുടെ അതിപ്രസരം കുട്ടികൾക്കിടയിലും യുവതലമുറയിലും വ്യാപകമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങൾക്ക് ഏറ്റവും കൂടുതൽ ഇരയാകുന്നത് സ്ത്രീകളാണ്. ഉന്നത സ്ഥാനങ്ങളിലുള്ളവരെയും പൊതുപ്രവർത്തകരെയും ഏറ്റവും ചെലവുകുറഞ്ഞ രീതിയിൽ അപമാനിക്കാൻ പറ്റുന്ന മീഡിയ ആയി സോഷ്യൽ നെറ്റ്‌വർക്ക് സംവിധാനം മാറിയിരിക്കുകയാണ്. വംശീയ സംഘർഷങ്ങൾ ഉണ്ടാക്കുവാനും തീവ്രവാദം പ്രോത്സാഹിപ്പിക്കുവാനും സോഷ്യൽ നെറ്റ്‌വർക്ക് മീഡിയ ഉപയോഗിച്ചുവരികയാണ്. സൈബർ

കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്ന തരത്തിൽ നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതും അവ അന്വേഷിക്കുന്നതിന് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മൊബൈൽ ഫോണുകളിലൂടെ ഇന്റർനെറ്റ് സൗകര്യം ലഭ്യമായതോടെ സൈബർ കുറ്റകൃത്യങ്ങൾ വ്യാപകമാകുന്നതായും അടുത്തകാലത്ത് അവ വളരെയധികം വർദ്ധിച്ചുവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ കണ്ടെത്തുന്നതിനും തടയുന്നതിനുമായി തിരുവനന്തപുരത്ത് ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷനും പോലീസ് ആസ്ഥാനത്ത് ഒരു ഹൈടെക് ക്രൈം എൻക്വയറി സെല്ലും എല്ലാ ജില്ലകളിലും ഓരോ സൈബർ സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഐ.ടി. ആക്ട് 2000-ലെ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സോഷ്യൽ മീഡിയകളുടെ അതിപ്രസരത്തെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളുടെ ഭവിഷ്യത്തുകളെക്കുറിച്ചും കുട്ടികൾക്കും യുവജനങ്ങൾക്കും പൊതുജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് ആഭ്യന്തരവകുപ്പ് സംസ്ഥാനത്തുടനീളം

ബോധവത്ക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്. പലപ്പോഴും ഇത്തരം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ അന്തർദേശീയ സേവനദാതാക്കളിൽ നിന്നും ലഭിക്കാറില്ല. ഈ സർക്കാർ അധികാരമേറ്റശേഷം സൈബർ സെല്ലുകളിലേയ്ക്കാവശ്യമായ 133 തസ്തികകൾ സൃഷ്ടിക്കുകയും ദേശീയ-അന്തർദ്ദേശീയ തലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന സൈബർ ശൃംഖലയുടെ വിവര ശേഖരണത്തിനായി സംസ്ഥാനത്ത് സൈബർ ഡോം ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളുടെ പരിമിതി കണക്കിലെടുത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും നിയന്ത്രണവിധേയമാക്കുന്നതിനും ശക്തമായ നിയമനിർമ്മാണം നടത്തേണ്ടത് കേന്ദ്രസർക്കാരാണ്. കുട്ടികളുടെ മൊബൈൽ ഫോൺ ദുരുപയോഗം തടയുന്നതിന് മാതാപിതാക്കളുടെ ശ്രദ്ധയുണ്ടാകണം. എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## (2) <u>പമ്പാ ആക്ഷൻ പ്ലാൻ</u>

<u>ശ്രീ. രാജു എബ്രഹാം</u>: കേന്ദ്ര അനുമതി ലഭിച്ച് വർഷങ്ങളായിട്ടും പമ്പാ ആക്ഷൻ പ്ലാൻ ഫലപ്രദമായി നടപ്പിലാക്കുന്നതിനും വേമ്പനാട് കായലിനെ സംബന്ധിച്ച പഠനറിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ച് അംഗീകാരം

വാങ്ങുന്നതിനും മാറിവന്ന സർക്കാരുകൾക്ക് സാധിച്ചിട്ടില്ല. കേരളത്തിലെ നദികളിൽ കോളിഫോം ബാക്ടീരിയയുടെ അളവും മലിനീകരണത്തിന്റെ തോതും കൂടുതലാണ്. പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിലുണ്ടാകുന്ന അനാവശ്യകാലതാമസവും വീഴ്ചയും ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. പമ്പാ ആക്ഷൻ പ്ലാൻ വിജയകരമായി നടപ്പാക്കുന്നതിനും വേമ്പനാട് കായലും സംസ്ഥാനത്തെ മറ്റു നദികളും കായലുകളും ശുദ്ധീകരിക്കുന്നതിന് വിപുലമായ കർമ്മപദ്ധതിയുണ്ടാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പമ്പാനദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച പമ്പാ ആക്ഷൻ പ്ലാൻ പദ്ധതിയിലെ ആദ്യഘട്ടത്തിലെ പന്ത്രണ്ട് പ്രവൃത്തികളിൽ രണ്ടെണ്ണം സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കുകയും രണ്ടെണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേവസ്വം ബോർഡ് ഏറ്റെടുത്ത സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പുരോഗമിക്കുകയാണ്. ജലസേചന വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പമ്പാനദിയും പോഷകനദികളും ഉൾപ്പെടുന്ന പഞ്ചായത്തുകളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 1200 കോടി രൂപ ചെലവുവരുന്ന രണ്ടാംഘട്ട പ്രവർത്തന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി

ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. നദികളും തടാകങ്ങളും മാലിന്യമുക്തമാക്കുന്നതിനുള്ള പദ്ധതികൾ വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കിവരികയാണ്. പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതലയോഗം വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

## (1) അലിൻഡ് സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബി.ഐ.എഫ്.ആർ. വിധിയുടെ പിൻബലത്തിൽ അലിൻഡ് കമ്പനിയുടെ 185 ഏക്കർ സ്ഥലം വിൽക്കാനും കമ്പനിയുടെ ഷെയറിന്റെ വില ഒരു രൂപയായി കുറയ്ക്കുന്നതിനുമുള്ള സൊമാനിയ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനും അലിൻഡിനെ സർക്കാർ ഏറ്റെടുക്കാനുമുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബി.ഐ.എഫ്.ആർ. വിധിക്കെതിരെ സർക്കാരും ട്രേഡ് യൂണിയനുകളും അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. വിധി വന്നശേഷം അലിൻഡിനെ ഗവൺമെന്റ് ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## (2) എയിംസ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. റ്റി. എ. റഹീം: കോഴിക്കോട്-മാവൂരിൽ വ്യാവസായിക

ആവശ്യത്തിനായി ഏറ്റെടുത്ത ഗ്വാളിയോർ റയോൺസിന്റെ സ്ഥലത്ത് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എയിംസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എയിംസ് സ്ഥാപിക്കുന്നതിനുവേണ്ടി റോഡുകൾ, ജലലഭ്യത, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുള്ള 200 ഏക്കർ സ്ഥലം കണ്ടെത്തണമെന്ന് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വ്യവസായ വകുപ്പിന്റേതുൾപ്പെടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിനുവേണ്ടി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. കോഴിക്കോട്-മാവൂരിനെയും പ്രസ്തുത പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്.

## (3) കക്ക വ്യവസായ രംഗത്തെ പ്രതിസന്ധി

ഡോ. റ്റി. എം. തോമസ് ഐസക്: നികുതി സബ്സിഡി നൽകി പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന വിവിധ സൊസൈറ്റികളിലായി കെട്ടിക്കിടക്കുന്ന കക്ക വാങ്ങുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കി ധനകാര്യ വകുപ്പിന് സമർപ്പിക്കുന്നതും തുക ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

## (4) വനിതാ ഹെൽപ്പ് സെൽ

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര സബ്ഡിവിഷൻ കേന്ദ്രീകരിച്ച്

ആരംഭിച്ച വനിതാ ഹെൽപ്പ് സെല്ലിന് ആവശ്യമായ ജീവനക്കാരും വാഹനങ്ങളും അടിസ്ഥാന സൗകര്യങ്ങളും അനുവദിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം നെയ്യാറ്റിൻകര സബ്ഡിവിഷൻ കേന്ദ്രീകരിച്ച് ആരംഭിച്ച വനിതാ ഹെൽപ്പ് സെല്ലിന് അധിക തസ്തികകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കാലതാമസമുണ്ടായിട്ടുണ്ട്. വനിതാ സെല്ലിന് മാത്രമായി ഒരു വാഹനം അനുവദിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി കൗൺസിലിംഗ് സെന്റർ, ഷോർട്ട് ഹോം സ്റ്റേ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

## (5) കോൺഗ്രസ് പ്രസിഡന്റിനെ മർദ്ദിച്ച സംഭവം

ശ്രീ. ജോസ് തെറ്റയിൽ: അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് മണ്ഡലം കോൺഗ്രസ് പ്രസിഡന്റിനെ മർദ്ദിച്ചവർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 12-06-2014-ന് അങ്കമാലി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള എളയാവൂർ

സർവ്വീസ് സഹകരണ ബാങ്ക് മാവേലി സ്റ്റോറിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന ചർച്ചയ്ക്കിടെ പ്രകോപിതനായ ഡയറക്ടർ ബോർഡ് മെമ്പറായ ശ്രീ. സന്തോഷ് കുമാർ  മറ്റൊരു മെമ്പറായ ശ്രീ. എം. പി. നാരായണനെ പേപ്പർ വെയിറ്റുകൊണ്ട് എറിയാൻ ശ്രമിക്കുകയും കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും താക്കോൽക്കൂട്ടം വലിച്ചെറിഞ്ഞ് പരിക്കേൽപ്പിക്കുകയും ചെയ്തിരുന്നു.  സംഭവത്തിന് സാക്ഷികളായവരെ നേരിൽക്കണ്ട് അന്വേഷണം നടത്തിയതിനെത്തുടർന്ന് പ്രതിയെ അറസ്റ്റുചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുണ്ട്.  കേസന്വേഷണം നടന്നുവരികയാണ്.  ആവശ്യമുണ്ടെങ്കിൽ എറണാകുളം റേഞ്ച് ഐ.ജി.യെക്കൊണ്ട് കൂടുതൽ അന്വേഷണം നടത്താവുന്നതാണ്.

## (6) ക്ഷേമനിധി വിഹിതം തൊഴിൽ വകുപ്പ് ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. കെ. ജയചന്ദ്രൻ: ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ് പുന:സംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്ഷേമനിധി വിഹിതം ഈടാക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

ചെറുകിട തോട്ടംതൊഴിലാളികളുടെ ക്ഷേമനിധി ബോർഡ് പുന: സംഘടിപ്പിക്കുകയും വ്യവസ്ഥാപിതമായ സമിതി നിലവിൽ വരികയും 13586 പേർ അംഗങ്ങളാകുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷേമനിധി വിഹിതംകൂടി തൊഴിലുടമ അടയ്ക്കണമെന്നും സ്വയംതൊഴിൽ ചെയ്യുന്നവർ 240 രൂപ ഒരുമിച്ച് അടയ്ക്കണമെന്നുമുള്ള വ്യവസ്ഥ ഫലപ്രദമായി ഇംപ്ലിമെന്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ബോർഡുകളുടെ സംയോജനം വരുമ്പോൾ പ്രസ്തുത ബോർഡിന്റെ പ്രവർത്തനം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭാഗമാക്കി മാറ്റുന്നതു സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

## (7) സ്വകാര്യ ബസ്സുകളുടെ പെർമിറ്റ്

ശ്രീ. പി. സി. ജോർജ്: കോടതി വിധിയുടെ മറവിൽ സംസ്ഥാനത്തെ സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് ഓപ്പറേറ്റ് ചെയ്യാനുള്ള നീക്കം അവസാനിപ്പിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 1988-ൽ യാത്രാബസ്സുകളുടെ നിരക്ക് പുതുക്കി നിശ്ചയിച്ച സമയത്ത് നൂറ്റിയമ്പതോ അതിലധികമോ സ്റ്റേജ് ഗ്യാരേജുകൾ

സ്വന്തമായിട്ടുള്ള വ്യക്തികളോ ഓർഗനൈസേഷനോ ഫ്ലീറ്റ് ഓണറാകുമെന്നുള്ളത് സംബന്ധിച്ച വിധിക്ക് ബദലായി കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു വിധി വന്നിരിക്കുന്നുവെന്ന വ്യാഖ്യാനം വന്നിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതാണ്.

## (8) മൃഗസംരക്ഷണവകുപ്പിന് ഭൂമി കൈമാറേണ്ടത് സംബന്ധിച്ച്

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കാസർഗോഡ് ജില്ലയിൽ ആരംഭിക്കുന്ന ആട് ഫാമിനായി കൊളത്തൂർ വില്ലേജിലെ ഭൂമി കൈമാറാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കാസർഗോഡ് ജില്ലയിലെ കൊളത്തൂർ വില്ലേജിൽ സാമൂഹ്യവനവൽക്കരണത്തിനായി 21-2-1986-ൽ വനം വകുപ്പിന് കൈമാറിയ 9.2069 ഹെക്ടർ ഭൂമിയിൽ സാമൂഹ്യവനവൽക്കരണ പദ്ധതി നടപ്പാക്കാത്ത സാഹചര്യത്തിൽ ആടുവളർത്തൽ ഫാമിന് ആവശ്യമായ ഭൂമി പ്രസ്തുത സ്ഥലത്തുനിന്ന് മൃഗസംരക്ഷണ വകുപ്പിന് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (9) ശുചീകരണത്തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീ. എ. എ. അസീസ് : കൊല്ലം കോർപ്പറേഷനിൽ 175 കണ്ടിൻജൻസി

ജീവനക്കാരെ അനുവദിക്കുന്നതിനും എട്ടുവർഷത്തിലധികമായി ജോലി ചെയ്തുവരുന്ന ശുചീകരണ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സി.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ 1982-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തിയവരെ ബദൽ തൊഴിലാളികളുടെ ലിസ്റ്റിലുൾപ്പെടുത്തി മുൻഗണനാക്രമത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ഥിരം തസ്തികയിൽ നിയമിക്കുകയാണ് നിലവിലുള്ള വ്യവസ്ഥ. സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് 175 അധിക കണ്ടിൻജൻസി ജീവനക്കാരെ തൽക്കാലം നിയമിക്കാൻ നിർവ്വാഹമില്ല. ശുചീകരണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ജീവനക്കാരുടെ അപര്യാപ്തയുണ്ടെങ്കിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന കാര്യം നഗരസഭയ്ക്ക് തീരുമാനിക്കാവുന്നതാണ്.

## (10) മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട്

ശ്രീ. മോൻസ് ജോസഫ്: മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി പൂർത്തീകരിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് മതിയായ

ഫണ്ട് വകയിരുത്തി പുന:ക്രമീകരിക്കാനും  നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൊടുപുഴ, മൂവാറ്റുപുഴ, പിറവം, കടുത്തുരുത്തി, ഏറ്റുമാനൂർ മണ്ഡലങ്ങളിലെ പ്രവൃത്തികളാണ് നടപ്പാക്കാനുള്ളത്.  പിറവം ബ്രാഞ്ച് കനാലിന്റെ അവശേഷിക്കുന്ന നിർമ്മാണപ്രവൃത്തികൾ കരാറുകാരന്റെ അനാസ്ഥമൂലം  ടെർമിനേറ്റ് ചെയ്തെങ്കിലും കരാറുകാരൻ  കേസ് ഫയൽ ചെയ്തിരിക്കുകയാണ്.  ബാക്കിയുള്ള പണികളുടെ എസ്റ്റിമേറ്റ്  സി.പി.ഡബ്ല്യു.ഡി. റേറ്റുപ്രകാരം  തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

## (11) ഫോറം സ്റ്റോർ

ശ്രീ. റോഷി അഗസ്റ്റിൻ: അച്ചടി വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലാ ആസ്ഥാനത്ത് ഫോറം സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): അച്ചടി വകുപ്പിൽ ആവശ്യത്തിലധികം ജീവനക്കാരുണ്ടെന്നതിനാലും ഗസറ്റ് പബ്ലിക്കേഷൻ, ഫോറങ്ങളുടെ അച്ചടി എന്നിവ കമ്പ്യൂട്ടർവൽക്കരിച്ചതിനാലും തൽക്കാലം ജില്ലാ ആഫീസ്  ആരംഭിക്കേണ്ടതില്ലെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്മേൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കാൻ

നിർവ്വാഹമില്ല. എന്നിരുന്നാലും ഇടുക്കി ജില്ലയിൽ ഫോറം സ്റ്റോർ ആരംഭിക്കുന്നതിനുള്ള തീരുമാനം പുന:പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (12) കൃഷി ഇറക്കുന്നതിന് സർക്കാർ സഹായം

ശ്രീ. സി. കെ. സദാശിവൻ: കുട്ടനാട്ടിലെ റാണി-ചിത്തിര, ആർ. ബ്ലോക്ക് കായൽ നിലങ്ങളിൽ വീണ്ടും കൃഷിയിറക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): റാണി-ചിത്തിര കായൽ പ്രദേശത്തെ നെൽകൃഷി പുനരുദ്ധാരണം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും റാണി കായലിൽ പുറംബണ്ടിന്റെ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കായൽ ലെവലിംഗ്, വൈദ്യുതീകരണം, ഡീവാട്ടറിംഗ് എന്നീ പണികൾ പൂർത്തിയായാൽ മാത്രമേ കൃഷി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. 11 കെ.വി. ലൈൻ വലിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും ആവശ്യമായ തുക കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## (13) മാമ്പഴ കർഷകർക്ക് സഹായം

ശ്രീ. വി. ചെന്താമരാക്ഷൻ: പാലക്കാട് ജില്ലയിലെ മാമ്പഴ കർഷകരെ

സഹായിക്കുന്നതിനും മാമ്പഴ ഉൽപ്പാദനത്തെ കാർഷികോല്പാദനമായി കണക്കാക്കി കാർഷിക മേഖലയ്ക്ക് നൽകുന്ന സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. മാമ്പഴ കർഷകരെ ശാസ്ത്രീയമായ കൃഷിരീതി പരിശീലിപ്പിക്കുന്നതിനും മുതലമടയിലെ വെയർഹൗസിംഗ് സംവിധാനം വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): മാവ് കർഷകർക്കായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ മാവിന്റെ വിള വിസ്തൃതി വ്യാപനം എന്ന ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആരോഗ്യത്തിന് ഹാനികരമല്ലാത്ത വസ്തുക്കൾ ഉപയോഗിച്ച് മാമ്പഴങ്ങൾ പാകപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന അവബോധ ക്ലാസ്സുകൾ നൽകാൻ ഉദ്ദേശിച്ചിട്ടുണ്ട്. പഴങ്ങളിൽ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മുതലമട വെയർഹൗസിൽ 750 ടൺ മാമ്പഴം ഉപയോഗിക്കാനാകുന്ന വിധത്തിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. മുതലമടയിൽ ഉൽപ്പാദിപ്പിക്കുന്ന മാമ്പഴം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ക്രമപ്രശ്നം**

**വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലുണ്ടാകുന്ന കാലതാമസം**

ശ്രീ. എം. ഉമ്മർ: സ്വയംഭരണ സ്ഥാപനങ്ങൾ, ഭരണഘടനാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്,

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, പി.എസ്.സി., ആർട്ടിസാൻസ് ഡെവലപ്മെന്റ് ബോർഡ്, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ ഭരണ റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് എന്നിവ വർഷങ്ങൾക്കുമുമ്പുള്ളവയാണ് നടപ്പുസമ്മേളനത്തിൽ മേശപ്പുറത്തുവച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതുകൊണ്ട് ഉദ്ദേശിച്ച ഫലമുണ്ടാകുന്നില്ലെന്നു മാത്രമല്ല, നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റി നിറവേറ്റാനും റിപ്പോർട്ടുകളിലുള്ള പോരായ്മകൾ യഥാസമയം ചൂണ്ടിക്കാണിക്കുന്നതിനും സൂക്ഷ്മപരിശോധന നടത്തുമ്പോൾ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കാലതാമസം നേരിടും. ആഡിറ്റ് ഭരണ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അനിവാര്യമാണ്. റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽത്തന്നെ അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സഹായകരമായ റൂളിംഗ് ഉണ്ടാകണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>):

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2011-12 വരെയുള്ള ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുകയും 2012-13-ലേത് ബോർഡ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2013-14-ലെ ആഡിറ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് സഭയിൽ സമർപ്പിക്കുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ 2006-07-ലെ ആഡിറ്റ് നടത്താൻ പുതിയ ആഡിറ്റേഴ്സിനെ നിയമിക്കേണ്ടി വന്നതിനാലും ആഡിറ്റ് നടപടിക്രമങ്ങളിൽ കമ്പനിക്ക് പറ്റിയ പിഴവുകളുടെ അടിസ്ഥാനത്തിലും വീണ്ടും ആഡിറ്റ് നടത്തണമെന്ന അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശമനുസരിച്ച് ആഡിറ്റ് നടത്തി, 2006-07 മുതൽ 2010-11 വരെയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ ഒരുമിച്ചാണ് സഭയിൽ സമർപ്പിച്ചത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ 2011-12 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. 2012-13 വരെയുള്ള

വാർഷിക കണക്കുകളുടെ ആഡിറ്റിംഗ് നടന്നുവരികയാണ്. ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഏതെങ്കിലും ശുപാർശ ഗവൺമെന്റ് സ്വീകരിക്കാതിരുന്നാൽ അതിന്റെ കാരണം കാണിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. 2006-07 വർഷം സർക്കാർ പി.എസ്.സി.യുടെ ഉപദേശം സ്വീകരിക്കാതിരുന്ന ഏഴ് സന്ദർഭങ്ങളിൽ അഞ്ച് വകുപ്പുകളിൽനിന്ന് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിച്ചത് ആറ് വർഷത്തിനുശേഷമാണ്. 19-2-2014-ൽ ഗവർണറുടെകൂടി അംഗീകാരത്തോടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ഈ സമ്മേളന കാലത്ത് സഭയുടെ മേശപ്പുറത്തുവച്ച പല സ്ഥാപനങ്ങളുടെയും ഭരണ റിപ്പോർട്ടുകൾ വളരെ വർഷങ്ങൾക്കുമുമ്പുള്ളതാണെന്നും അവ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തതിനാൽ അപാകതകളും പോരായ്മകളും ചൂണ്ടിക്കാണിക്കുന്നതിനുള്ള അംഗങ്ങളുടെ അവസരം

നഷ്ടപ്പെടുകയാണെന്നും ഇത്തരം റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിന് പരമാവധി കാലപരിധി നിശ്ചയിക്കണമെന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. ചെയർ ഇക്കാര്യം പരിശോധിച്ചു. 2006-07 കാലയളവിലെ വാർഷിക റിപ്പോർട്ടുകൾപോലും ഇപ്പോഴാണ് സഭയുടെ മേശപ്പുറത്ത് വച്ചത് . കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് എല്ലാ വർഷവും ഗവർണർക്ക് സമർപ്പിക്കണമെന്നും കമ്മീഷന്റെ ശുപാർശകൾ ഗവൺമെന്റ് സ്വീകരിക്കാതിരുന്നതിനുള്ള കാരണം കാണിക്കുന്ന മെമ്മോറാണ്ടം സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നും ഭരണഘടന അനുശാസിക്കുന്നുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഖണ്ഡിക 44 പ്രകാരം ഭരണ റിപ്പോർട്ടും വാർഷിക കണക്കും സാമ്പത്തിക വർഷം പൂർത്തിയായി ജൂലൈ 15-നുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുമാണ്. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, ആർട്ടിസാൻസ് ഡെവലപ്മെന്റ് ബോർഡ്, കോരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുടങ്ങി കമ്പനി നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ട്, വാർഷിക ജനറൽ ബോഡി യോഗത്തിനുശേഷം മൂന്ന്

മാസത്തിനുള്ളിൽ തയ്യാറാക്കി കഴിവതും വേഗം നിയമസഭയിൽ വയ്ക്കണമെന്ന് 1956-ലെ കമ്പനി നിയമത്തിന്റെ 619(എ) വകുപ്പ് അനുശാസിക്കുന്നുണ്ട്. വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും സമയബന്ധിതമായി സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന നിയമങ്ങളിലെ വ്യവസ്ഥ പാലിക്കാതെ റിപ്പോർട്ടുകൾ സഭയിൽ വയ്ക്കാനുണ്ടായ കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റോടുകൂടി സഭയിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. റിപ്പോർട്ടുകൾ സഭയിൽ വയ്ക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ എന്നും കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് തൃപ്തികരമാണോയെന്നും പരിശോധിച്ച് റിപ്പോർട്ട് ചെയ്യാനുള്ള ചുമതല മേശപ്പുറത്ത് വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയിൽ നിക്ഷിപ്തമാണ്. സമിതിയുടെ ഇടപെടൽമൂലം 21-12-2013-ൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ അതാത് വകുപ്പുകൾ കർശനമായി പാലിക്കണമെന്നും സമയബന്ധിതമായി വാർഷിക റിപ്പോർട്ടുകളും കണക്കും സഭയിൽ വയ്ക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർ നിർദ്ദേശം നൽകണമെന്നും ചെയർ റൂൾ ചെയ്യുന്നു.

**ധനകാര്യം**

## 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VII - മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

(114,39,19,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം (645,89,17,000 രൂപ)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

(146,53,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം (296,88,82,000 രൂപ )

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

(93,34,88,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

(ശ്രീ. കെ. പി. മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ ചെറുതും വലുതുമായ നിരവധി തുറമുഖങ്ങളുണ്ട്. കൊച്ചി തുറമുഖം കപ്പൽ നിർമ്മാണവും റിപ്പെയറിംഗുമാണ് നടത്തുന്നത്. പൊന്നാനി തുറമുഖ പുനരുദ്ധാരണത്തിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല. വിഴിഞ്ഞം തുറമുഖം ഒരു വർഷമായി അവഗണിക്കപ്പെട്ടുകിടക്കുകയാണ്. ഇൻഡ്യയിലെ ഏറ്റവും മികച്ച

ആഴക്കടൽ തുറമുഖമായി മാറാൻ കഴിയുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിയെ അവഗണിക്കുകയും അന്താരാഷ്ട്ര ലോബിയുടെ താല്പര്യങ്ങൾക്ക് വഴങ്ങി അട്ടിമറിക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയുടെ ചരക്കു ഗതാഗതം അഭിവൃദ്ധിപ്പെടുത്തുന്നതിനായി രൂപഭാവന ചെയ്തിരിക്കുന്ന വിഴിഞ്ഞം ഡീപ് സീ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ യാഥാർത്ഥ്യമാകുന്നതോടുകൂടി വൻ ചരക്ക് കപ്പലുകൾ കേരളത്തിലേയ്ക്ക് നേരിട്ടെത്തുന്ന സ്ഥിതിവിശേഷമുണ്ടാകുകയും ധാരാളം പേർക്ക് തൊഴിൽ ലഭിക്കുകയും അന്താരാഷ്ട്ര ചരക്ക് നീക്കത്തിലൂടെ കൂടുതൽ വരുമാനം ലഭ്യമാകുകയും ചെയ്യും. യാത്രാക്കപ്പൽ, ചരക്ക് കപ്പൽ, നിയമാനുസൃതമായ മറ്റ് ചരക്കുകൾ എന്നിവയ്ക്കാവശ്യമായ സൗകര്യം തുറമുഖത്തിൽ ഒരുക്കേണ്ടതാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണം പി.പി.പി. (പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) മോഡലിൽ ചെയ്യണമെന്ന് സർക്കാർ തീരുമാനിക്കുകയും ഇതിന്റെ നടത്തിപ്പ് കേന്ദ്ര സർക്കാർ ഏറ്റെടുക്കുകയും താരിഫ് നിശ്ചയിക്കുകയും ചെയ്യുന്നതുവഴി വിഴിഞ്ഞം തുറമുഖത്തെ നശിപ്പിക്കാനാണ് ശ്രമിക്കുന്നത്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി എന്ത് ചെയ്യാൻ കഴിയുമെന്നത് വ്യക്തമാക്കണം. കേരളത്തിന്റെ വിവിധ

തുറമുഖങ്ങളെ അഭിവൃദ്ധിപ്പെടുത്താൻ നടപടി സ്വീകരിക്കണം. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണി ഇടപെടൽ നടത്തുന്നതിനു പകരം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്ന നടപടിയാണ് സപ്ലൈകോയും സ്വീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ ഒരു രൂപയ്ക്ക് ഒരു കിലോ അരി എന്ന പ്രഖ്യാപനം പൂർണ്ണമായും യാഥാർത്ഥ്യമാക്കിയിട്ടില്ല. വിതരണരംഗത്ത് ക്രമക്കേടുകൾ നടക്കുന്നു. സാധനങ്ങളുടെ സംഭരണം ശരിയായ രീതിയിൽ നടക്കുന്നില്ല. മുൻ സർക്കാർ സബ്സിഡി കൊടുത്തുകൊണ്ട് വിലക്കയറ്റം നിയന്ത്രണവിധേയമാക്കിയിരുന്നു. എന്നാൽ ഇപ്പോൾ മാവേലിസ്റ്റോറുകളിൽപ്പോലും സാധനങ്ങളില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഈ സർക്കാരിന് ഒരു മദ്യനയം ഇല്ല. തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ സംഭാവന ചെയ്യുന്ന മത്സ്യ മേഖലയിലെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാണ്. വാസയോഗ്യമായ വീടുകൾ, കക്കൂസ്,

കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങളൊന്നുംതന്നെ ഈ മേഖലയിൽ ലഭ്യമല്ല. കേരളത്തിന്റെ ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ടിൽ മത്സ്യ മേഖലയിലെ സംഭാവന കുറയുന്നത് സംബന്ധിച്ച് ശ്രദ്ധിക്കണം . മറൈൻ സെക്ടറിൽ നിന്നുള്ള കേരളത്തിന്റെ മത്സ്യ വിഹിതം കുറയുന്നതും ശ്രദ്ധേയമാണ്. മത്സ്യത്തൊഴിലാളികൾക്കായി കൂടുതൽ ഭവനങ്ങൾ നിർമ്മിക്കുന്നതിനും തീരദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ തീർപ്പുകൽപ്പിച്ച കേസ്സുകളിൽ നൽകേണ്ട പണവും മത്സ്യത്തൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നൽകുന്നതിന് സർക്കാർ തയ്യാറാകണം. സമ്പാദ്യാശ്വാസ പദ്ധതിയിലൂടെയുള്ള ആനുകൂല്യം വർദ്ധിപ്പിക്കുകയും തീരപ്രദേശങ്ങളിൽ സമഗ്രഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യണം. തീരദേശ ആരോഗ്യകേന്ദ്രങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ മോണിറ്ററിംഗ് സംവിധാനമുണ്ടാക്കണം. ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുന്നതിനും മദ്യാസക്തിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ബാറുകൾ അനുവദിക്കുന്നതിന് വ്യക്തമായ ഒരു നയം

രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതു സംബന്ധിച്ച ആശങ്ക ദൂരീകരിക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ ഭക്ഷ്യധാന്യ വിഹിതം കേന്ദ്രത്തിൽനിന്നും നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം. അവശ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും മായം ചേർക്കൽ തടയുന്നതിനും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ നിശ്ചിത വിലയ്ക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനും വിപണി ഇടപെടൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. ക്യാൻസറിനും മറ്റ് മാരക രോഗങ്ങൾക്കുമിടയാക്കുന്ന രാസപദാർത്ഥങ്ങൾ ഭക്ഷ്യ വസ്തുക്കളിൽ ഉപയോഗിക്കുന്നത് തടയാനുള്ള നടപടികൾ കാര്യക്ഷമമാക്കണം. രജിസ്ട്രേഷൻ രംഗത്ത് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നത് അവധാനതയോടെയായിരിക്കണം. നിലവാരമില്ലാത്ത കമ്പ്യൂട്ടറുകൾ വാങ്ങി ഖജനാവ് കൊള്ളയടിക്കാനുള്ള ശ്രമം ഉപേക്ഷിക്കണം. മദ്യാസക്തി വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ കേരളത്തെ മദ്യവിമുക്ത സംസ്ഥാനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനകീയവത്കരിക്കുന്നതിനുമുള്ള ഈ ഗവൺമെന്റിന്റെ ക്രിയാത്മക ശ്രമങ്ങളെ ശ്ലാഘിക്കുന്നു. മദ്യാസക്തിക്കെതിരെ ബോധവത്കരണം നടത്തുന്നതിന് ബഡ്ജറ്റ് വിഹിതത്തിന് പുറമേ 40 ലക്ഷം രൂപ കൂടി അനുവദിച്ചത് സ്വാഗതാർഹമാണ്. ആരോഗ്യ-സാംസ്കാരിക മേഖലകളിൽ രാജ്യത്തിന് മാതൃകയായിരുന്ന കേരളം ഇപ്പോൾ ആളോഹരി മദ്യ ഉപഭോഗത്തിലും ആത്മഹത്യാ നിരക്കിലും മുമ്പന്തിയിലാണ്. കുടുംബഛിദ്രത്തിനും കൊലപാതകത്തിനും കൊള്ളയ്ക്കുമൊക്കെ വഴിവയ്ക്കുന്നത് മദ്യപാനശീലമാണ്. മദ്യവില്പനയുടെ ലാഭത്തെക്കുറിച്ചല്ലാതെ നഷ്ടത്തെക്കുറിച്ച് മാറിമാറിവരുന്ന സർക്കാരുകൾ പരിശോധിക്കുന്നില്ല. മദ്യപാനംമൂലം സംജാതമായിരിക്കുന്ന ആപത്കരമായ സാഹചര്യം നേരിടുന്നതിന് കാര്യക്ഷമമായ നടപടികൾ ആവശ്യമാണ്. കുട്ടികളിലും വനിതകളിലും മദ്യാസക്തി കൂടുന്നതിനുപുറമേ ലഹരി ഉപയോഗവും വർദ്ധിച്ചുവരുന്നു. കേരളത്തിൽ മദ്യപിക്കുന്നവരുടെ എണ്ണം ദേശീയ ശരാശരിയുടെ ഇരട്ടിയാണ്. ഇതിൽനിന്നും നാടിനെയും ഭാവിതലമുറയെയും രക്ഷിക്കുന്നതിന് കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

ശ്രീമതി ജമീലാ പ്രകാശം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങളെ അട്ടിമറിച്ച

സർക്കാരാണിത്. ഈ സർക്കാർ മത്സ്യഫെഡിലെ ജനകീയ ഭരണസമിതിയെ ഇല്ലാതാക്കുകയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ല. മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് തുടങ്ങിയവയെല്ലാം മുടങ്ങിക്കിടക്കുകയാണ്. ഹഡ്കോയുടെ സഹായത്തോടെ ആരംഭിച്ച ഭവനപദ്ധതി നടപ്പാക്കാൻ സാധിച്ചില്ല. തീരദേശ വികസന കോർപ്പറേഷന്റെ വിവിധ പ്രോജക്ടുകൾ മന്ദഗതിയിലാണ് നീങ്ങുന്നത്. മത്സ്യബന്ധന ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുമ്പോൾ അവ നന്നാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. വിഴിഞ്ഞം മദർപോർട്ട് പദ്ധതി നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസം നിഗൂഢതകൾ നിറഞ്ഞതാണ്. മത്സ്യത്തൊഴിലാളികളെ കൊലപ്പെടുത്തിയ ഇറ്റാലിയൻ നാവികർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. കാലാവസ്ഥ വ്യതിയാനം മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം ഉടൻ പ്രഖ്യാപിക്കണം.

<u>ശ്രീ. പി. സി. ജോർജ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്റ്റേറ്റ് കൺസ്യൂമർ റിഡ്രസ്സൽ ഫോറം ജില്ലാ പ്രസിഡണ്ടിന്റെയും സമാന യോഗ്യതയുള്ള അംഗങ്ങളുടെയും വേതനനിരക്കിലുള്ള അന്തരം കുറയ്ക്കുന്നതിന് നടപടി

സ്വീകരിക്കുന്നതോടൊപ്പം അമോണിയ ചേർത്ത മത്സ്യങ്ങളുടെയും രോഗം ബാധിച്ച കന്നുകാലികളുടെ മാംസത്തിന്റെയും വില്പന അവസാനിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. ഭക്ഷ്യപദാർത്ഥങ്ങളിലും പഴവർഗ്ഗങ്ങളിലുമുള്ള വ്യാപകമായ മായം ചേർക്കൽ അവസാനിപ്പിക്കുന്നതിന് നിരന്തരമായ റെയ്ഡുകളും കർശനനടപടികളും ഉണ്ടാകണം. അഞ്ചൽ സബ് രജിസ്ട്രാർ ഓഫീസിൽ ഒരേ വ്യക്തിയുടെ പേരിൽ പത്തുകൊല്ലത്തിനിടയിൽ 302 ആധാരങ്ങൾ വില കുറച്ച് രജിസ്റ്റർ ചെയ്ത സംഭവം അന്വേഷിക്കുന്നതിനും തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതിനെതിരെ ശക്തമായ നിലപാട് എടുക്കുന്നതിനും തയ്യാറാകണം. 418 ബാറുകൾ പൂട്ടിയത് കാരണം തുറന്നു പ്രവർത്തിക്കുന്ന മറ്റു ബാറുകളിലേയും ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിലേയും മദ്യവില്പനയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അവശേഷിക്കുന്ന ബാറുകളിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവയും നാഷണൽ ഹൈവേയ്ക്കും സ്റ്റേറ്റ് ഹൈവേയ്ക്കും സമീപമുള്ള ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളും അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കണം. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യഫലങ്ങളെ സംബന്ധിച്ച വിഷയങ്ങൾ നഴ്സറിതലം മുതലുള്ള ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ തലമുറയെ മദ്യാസക്തിയിൽനിന്നും മയക്കുമരുന്നുപയോഗത്തിൽനിന്നും രക്ഷിക്കുന്നതിനുള്ള ശ്രമമുണ്ടാകണം.

മദ്യനിരോധനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയ-മത നേതാക്കളുടെ സംയുക്ത യോഗം വിളിച്ചുകൊണ്ട് സമവായത്തിനുള്ള വഴികൾ തേടണം.

ശ്രീ. എ. റ്റി. ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നബാർഡിന്റെയും ദേശീയ മത്സ്യവികസന ബോർഡിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നതോടെ മത്സ്യബന്ധന മേഖലയുടെ മുഖച്ഛായതന്നെ മാറും. മാതൃകാ മത്സ്യഗ്രാമം, സംയോജിത മത്സ്യഗ്രാമം, മത്സ്യസമൃദ്ധി, തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ എന്നിവ സ്വാഗതാർഹമാണ്. മത്സ്യബന്ധനത്തിലൂടെ 474 ലക്ഷം രൂപയുടെ അധിക റവന്യൂ വരുമാനം ലഭിച്ചതും വിഴിഞ്ഞം പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കി സ്ഥലം ഏറ്റെടുത്ത് റോഡ്, റെയിൽവേ ലൈൻ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും മദ്യ ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി ബോധവത്ക്കരണ പരിപാടികൾ ആരംഭിച്ചതും അനധികൃതമായി ബി.പി.എൽ. റേഷൻ കാർഡ് കൈവശം വച്ചിരുന്നവരിൽനിന്നും കാർഡ് പിടിച്ചെടുത്തതും അപേക്ഷിക്കുന്ന ദിവസംതന്നെ റേഷൻ കാർഡ് ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചതും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിനിരയാകുന്നത് തടയുകയും മത്സ്യബന്ധന ഉപകരണങ്ങളും മണ്ണെണ്ണയും സൗജന്യമായി അനുവദിക്കുകയും ചെയ്യണം. വലിയതുറ മത്സ്യബന്ധന തുറമുഖം, പൂന്തുറ ഫിഷിംഗ് ഫാം എന്നിവ

യാഥാർത്ഥ്യമാക്കുന്നതിനും പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങൾ യൂറോപ്യൻ യൂണിയൻ സ്റ്റാൻഡേർഡുകൾക്കനുസൃതമായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആർ. രാജേഷ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിലക്കയറ്റം പിടിച്ചുനിർത്താൻ പൊതുവിപണിയിൽ ക്രിയാത്മകമായി ഇടപെടാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. പൊതുവിപണിയിൽ അവശ്യ സാധനങ്ങളുടെ വില പിടിച്ചുനിർത്തേണ്ട സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ് തുടങ്ങിയ സ്ഥാപനങ്ങളെ സർക്കാർ നോക്കുകുത്തികളാക്കി മാറ്റുകയാണ്. സബ്സിഡി നിരക്കിൽ ലഭ്യമാക്കിയിരുന്ന 13 ഇനം അവശ്യ സാധനങ്ങൾ നിർത്തലാക്കി. സപ്ലൈകോ ഉദ്യോഗസ്ഥരും കരാറുകാരുമായുള്ള ഒത്തുകളി അവസാനിപ്പിക്കണം. ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ വില പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച 160 മാവേലി ഹോട്ടലുകളിൽ ഒരെണ്ണമൊഴികെ ബാക്കിയെല്ലാം ഈ ഗവൺമെന്റ് അടച്ചുപൂട്ടി. തൃപ്തി ന്യായവില ഭക്ഷണശാലകളും അരിമില്ലുകളും ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്ത സർക്കാരാണിത്. നെല്ല് സംഭരണയിനത്തിൽ കർഷകർക്ക് കൊടുക്കാനുള്ള തുക കൊടുത്തുതീർക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിലേയ്ക്ക്

സെയിൽസ്മാന്മാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിലെ അഴിമതി അവസാനിപ്പിക്കുന്നതിനും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം. മദ്യനിരോധനം നടപ്പിലാക്കുകയും ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽനിന്ന് യുവതലമുറയെ രക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ശ്രീ. റ്റി. എൻ. പ്രതാപൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾക്കും ഫൈവ് സ്റ്റാർ ഹോട്ടലുകളല്ലാത്ത ബാറുകൾക്കും അനുവാദം നൽകുകയില്ലെന്ന ധീരമായ നിലപാട് സ്വീകരിച്ച സർക്കാരാണിത്. മദ്യപാനത്തിനെതിരായ കാമ്പയിൻ ശക്തിപ്പെടുത്തുകയും 418 ബാറുകൾ അടച്ചുപൂട്ടുകയും ചെയ്തതിലൂടെ ഗാർഹിക പീഡനം, കൊലപാതകം, റോഡപകടങ്ങൾ തുടങ്ങിയവ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അടച്ചുപൂട്ടിയ ബാറുകൾ തുറക്കാതിരിക്കുകയും ഗുണനിലവാരമില്ലാത്ത ശേഷിക്കുന്ന ബാറുകൾകൂടി അടച്ചുപൂട്ടുകയും ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ കുറച്ചുകൊണ്ടുവരികയും ചെയ്യണം. ഫിഷറീസ് മേഖലയിൽ വീട് നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപയും മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ പെർമിറ്റിന്

നൂറുകോടി രൂപയും അനുവദിച്ചത് സ്വാഗതാർഹമാണ്. 2007-ൽ നിയമസഭ പാസ്സാക്കിയ കേരള മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി ക്ഷേമ സെസ് നിയമമനുസരിച്ച് സെസ് പിരിച്ചെടുക്കാൻ സാധിക്കാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് തുക നൽകിക്കൊണ്ട് മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിന് പരിഹാരമുണ്ടാക്കണം. ഓരോ മത്സ്യമേഖലയിലും തണൽഗ്രാമം പദ്ധതി ആവിഷ്കരിക്കണം. "സാഫ്"പദ്ധതിക്ക് തുക വർദ്ധിപ്പിച്ച് സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കണം. ലംപ്സംഗ്രാന്റ്, പെൻഷൻ എന്നിവയുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും തീരദേശമേഖലയെ മദ്യവിമുക്തമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സാജു പോൾ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് രൂക്ഷമായ വിലക്കയറ്റം പോലുള്ള പ്രശ്നങ്ങളുള്ളപ്പോഴും പരസ്യങ്ങൾക്കായി സർക്കാർ അറുപത് കോടിരൂപ ചെലവഴിച്ചിരിക്കുകയാണ്. നെല്ലുസംഭരണത്തിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും യഥാർത്ഥ കർഷകർക്ക് താങ്ങുവിലയ്ക്ക് തുല്യമായ സാമ്പത്തികസഹായം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. വിവിധ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളിലെ ക്രമക്കേട് കണ്ടെത്തുന്നതിന് ഏകീകൃത

നിയമനിർമ്മാണം നടത്തണം. കേരളത്തിലെ ഭക്ഷണശാലകളിലൂടെ നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുതകുന്ന ലൈസൻസിംഗ് സമ്പ്രദായം സാർവ്വത്രികമായി നടപ്പാക്കണം. റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന അരിയുടെയും ഗോതമ്പിന്റെയും അളവ് വെട്ടിക്കുറച്ചിരിക്കുകയാണ്. സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന വ്യാജമദ്യവും ലഹരിപദാർത്ഥങ്ങളും തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ബാറുകൾ പ്രവർത്തിപ്പിക്കുന്ന സമയം ക്രമീകരിക്കണം. മദ്യ ഉപയോഗം നിയന്ത്രിക്കാനുള്ള ബോധവൽക്കരണ പരിപാടികൾ ശക്തമാക്കണം. വിലകുറഞ്ഞതും നിലവാരമില്ലാത്തതുമായ മദ്യം വിൽക്കുന്നതിൽനിന്ന് സർക്കാർ പിൻമാറണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങളുടെ ജീവന് വിലകൽപ്പിക്കുന്ന സർക്കാരിന്റെ മദ്യനയം സ്വാഗതാർഹമാണ്. 418 ബാറുകൾ അടച്ചുപൂട്ടിയ സർക്കാർ നടപടി പ്രശംസനീയമാണ്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ജനങ്ങളെ സ്വാധീനിക്കുന്ന പ്രചരണ പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത് ആശ്വാസകരമാണ്. സമ്പൂർണ്ണ

മദ്യനിരോധനം നടപ്പാക്കാൻ ശക്തമായ ഇടപെടൽ നടത്തണം. ഭാവി തലമുറ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആസക്തിയിലേയ്ക്ക് വീഴുന്നത് തടയാൻ സ്കൂളുകൾ കേന്ദ്രീകരിച്ച് പരിപാടികൾ ആവിഷ്ക്കരിക്കണം. വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതി അഭിനന്ദനാർഹമാണ്. യുവജന സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളിൽ മദ്യവിപത്തിന്റെ ദുരന്തഫലങ്ങൾ വെളിവാക്കുന്ന ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം. ഓപ്പറേഷൻ കുബേരയുടെ മാതൃകയിൽ മദ്യമാഫിയകളെ നിയന്ത്രിക്കാൻ ഓപ്പറേഷൻ അബ്കാരി എന്ന പദ്ധതിക്ക് രൂപം നൽകണം. ഈ ഗവൺമെന്റ് വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും സംസ്ഥാനത്തെ റേഷൻ കടകൾ സജീവമാക്കുകയും ചെയ്തു. ബി.പി.എൽ. ലിസ്റ്റ് കുറ്റമറ്റതാക്കാനും പരിഗണനയർഹിക്കുന്ന സമസ്ത ജനവിഭാഗങ്ങളേയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചു. യഥാർത്ഥ കാർഡുടമകൾക്കാണോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതിക്ക് രൂപം

നൽകണം. ന്യായവിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി പുതിയ മാവേലി സ്റ്റോറുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയ നടപടി ആശാവഹമാണ്. ഓരോ നിയോജകമണ്ഡലത്തിലും ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം. സിവിൽ സപ്ലൈസ് വകുപ്പിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് അനുവദിക്കപ്പെട്ട മാവേലി സ്റ്റോറുകൾ പ്രവർത്തനസജ്ജമാക്കണം. മൊറയൂർ-പാപ്പിനിപ്പാറയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണം. മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യംവച്ച് ശുദ്ധജലവിതരണത്തിനും ഭവനനിർമ്മാണത്തിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

<u>ശ്രീ. വി. ശശി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ശ്രദ്ധയും പരിഗണനയും സമൂഹത്തിലെ മത്സ്യത്തൊഴിലാളികൾക്കുകൂടി ലഭ്യമാക്കണം. മത്സ്യവിഭവ സംരക്ഷണ നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ ഈ സർക്കാരിന് കഴിയുന്നില്ല. മത്സ്യമേഖലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ താളം തെറ്റിയിരിക്കുകയാണ്. നബാർഡിന്റെ കീഴിലുള്ള ആർ.ഐ.ഡി.എഫ്. സ്കീമിൽ

മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനം, തീരദേശ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി അനുവദിച്ച തുക ചെലവഴിക്കപ്പെട്ടില്ല. മത്സ്യത്തൊഴിലാളികൾക്കായി പുതിയ ക്ഷേമ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞില്ല. താഴമ്പള്ളി, പൂന്തുറ, അഞ്ചുതെങ്ങ് പ്രദേശങ്ങളിൽ തിങ്ങിപ്പാർക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം നൽകണം. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം വ്യാപകമാക്കാൻ പ്രഖ്യാപിച്ച ഫിഷ് മെയ്ഡ് ബ്രാൻഡിൽ നൂറ് കിയോസ്കുകൾ സ്ഥാപിക്കുമെന്ന വാഗ്ദാനം പാലിക്കപ്പെട്ടില്ല. ഫിഷറീസ് സ്കൂളുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിച്ചില്ല. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഗുണഫലം നിഷേധിച്ചത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. കടലാക്രമണം രൂക്ഷമായപ്പോൾ പ്രഖ്യാപിച്ച സൗജന്യ റേഷൻ നൽകാനും തയ്യാറാകുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക നൽകുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടില്ല. മത്സ്യമേഖലയുടെ വികസനത്തിനായി നീക്കിവച്ച തുക കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു.

മദ്യത്തിനെതിരായുള്ള നിയമനിർമ്മാണങ്ങൾ ഗൗരവമായ രൂപത്തിൽ കൊണ്ടുവരികയും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളെ നിയന്ത്രിക്കാനുള്ള നടപടികൾ കൂടുതൽ ആർജ്ജവത്തോടുകൂടി നടപ്പാക്കുകയും ചെയ്യണം. പുതിയ മദ്യ ഷാപ്പുകൾക്ക് അനുമതി കൊടുക്കുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചു കൊടുക്കുകയും സ്കൂൾ പാഠ്യ പദ്ധതിയിൽ ലഹരി വിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുകയും വേണം. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാനും ഏകോപിപ്പിക്കുവാനുമായി ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിക്കുകയും ബഡ്ജറ്റിൽ കൂടുതൽ തുക അനുവദിക്കുകയും ചെയ്യണം. ഈ ഗവൺമെന്റ്, മദ്യം വാങ്ങുന്നതിനുള്ള കുറഞ്ഞ പ്രായം 21 വയസ്സാക്കി വർദ്ധിപ്പിക്കുകയും ബാറുകളുടെ പ്രവർത്തന സമയം മൂന്ന് മണിക്കൂർ വെട്ടിക്കുറക്കുകയും ചെയ്തു. സിനിമകളിൽ ലഹരിയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള രംഗങ്ങൾ സെൻസർ ചെയ്യാതെ വരുന്നത് സംബന്ധിച്ച് പരിശോധിക്കണം. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഒരു രൂപയ്ക്ക് അരി കൊടുക്കാൻ സാധിച്ചു. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. കട്ട് ഓഫ് ഡേറ്റ് ഒഴിവാക്കിക്കൊണ്ട് ഈ സീസണിൽ കൃഷി

ചെയ്ത എല്ലാവർക്കും വർദ്ധിപ്പിച്ച താങ്ങുവില കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കണ്ണൂർ വിമാനത്താവളം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമാക്കണം. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കൂടുതൽ തുക അനുവദിക്കണം. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എക്സൈസ് കോംപ്ലക്സും ഫിഷറീസ് മാർക്കറ്റും അനുവദിച്ച നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൊച്ചി തുറമുഖത്ത് തൊഴിലാളികൾ നടത്തിവരുന്ന സമരം അവസാനിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണം. കപ്പൽച്ചാലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കൊച്ചി തുറമുഖം കണ്ടെത്തണമെന്ന തീരുമാനം അന്യായമാണ്. കഴിഞ്ഞ സർക്കാർ പാസ്സാക്കിയ രജിസ്ട്രേഷൻ (അമെന്റ്മെന്റ്) ആക്ടിന് ചട്ടങ്ങൾ രൂപീകരിക്കണം. ആധാരം എഴുത്തുകാരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുവേണം ഓൺ ലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കേണ്ടത്. മത്സ്യമേഖലയിലെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

സി. ആർ. ഇസഡ് നിയമത്തിലെ അപാകതകൾ പരിഹരിച്ച് മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തണം. ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നിശ്ചിത ശതമാനം സീറ്റ് സംവരണം ചെയ്യുന്നതിനായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ ഹയർ സെക്കണ്ടറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനും അക്വേറിയം റിഫോംസ് ആക്ട് നടപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ഗ്രാന്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ഇറക്കുമതി ചെയ്യുന്ന മത്സ്യങ്ങളിലെ മാരകമായ വിഷാംശം കണ്ടെത്തുന്നതിന് ആരോഗ്യം, ഫിഷറീസ്, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി കൂടുതൽ തലങ്ങളിലേയ്ക്ക് കമ്പ്യൂട്ടറൈസേഷൻ വ്യാപിപ്പിക്കുന്നതിനും ചരിത്ര പ്രാധാന്യമുള്ള രേഖകൾ സംരക്ഷിക്കുന്നതിനും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ എന്നിവ മൂന്ന് ദിവസത്തിനുള്ളിൽ ലഭിക്കുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ലൈസൻസ്ഡ്

ഡോക്യുമെന്റ് റൈറ്റർ മുഖാന്തിരം മാത്രമേ ആധാരം സബ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതുമൂലം ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണ്. രജിസ്ട്രേഷൻ ആക്ടിന്റെ ചട്ടങ്ങൾ രൂപീകരിച്ചുവരികയാണ്. ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ കൂടുതൽ സമയം ആവശ്യമാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടർവത്കരണം പൂർത്തിയായി വരുന്നു. 11 ജില്ലകളിൽ പുതിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന വിധത്തിൽ പുതിയ റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പൊതുവിതരണ രംഗത്തേയ്ക്ക് നൂതന ആശയങ്ങൾ കൊണ്ടുവരുന്നതിനായി യുണൈറ്റഡ് നേഷൻസിന്റെ വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. വിലക്കയറ്റത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പൂഴ്ത്തിവയ്പും കരിഞ്ചന്തയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതും ഒഴിവാക്കുന്നതിന് കർശന പരിശോധനകൾ നടത്തുന്നുണ്ട്. ഗ്യാസ് ഏജൻസികളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഓയിൽ കമ്പനികൾ വിമുഖത കാണിക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഉത്സവകാലങ്ങളിൽ വിപണിയിൽ ശക്തമായ

ഇടപെടൽ നടത്തുകയും ദീർഘകാല ഫെയറുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓണം സീസണിൽ 50,000 ടൺ അരി സപ്ലൈകോ മുഖാന്തരം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് 363 കോടി രൂപ നൽകുകയും 12 മൊബൈൽ മാവേലി സ്റ്റോറുകൾ ഉൾപ്പെടെ 144 പുതിയ ഔട്ട്ലെറ്റുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായത്തിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. രണ്ടുവർഷത്തിനുള്ളിൽ നൂറ് പുതിയ മെഡിക്കൽ മാവേലി സ്റ്റോറുകൾ ആരംഭിക്കും. 21 പുതിയ പെട്രോൾ പമ്പുകൾ സപ്ലൈകോയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. സപ്ലൈകോ സ്റ്റോറുകൾക്ക് പുറമേ പൊതുവിപണിയിൽക്കൂടി ശബരി ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ശബരി തേയിലയുടെ ഉല്പാദനം ആയിരം ടണ്ണായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സപ്ലൈകോയിലെ മുഴുവൻ ഔട്ട്ലെറ്റുകളെയും കേന്ദ്രീകൃതമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ടെണ്ടർ കഴിഞ്ഞുള്ള നെഗോസിയേഷൻ ഓൺലൈൻ വഴിയാക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : ഡിസംബർ മാസത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്ന

വിധത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നതിനുപുറമേ കബോട്ടാഷ് നിയമത്തിൽ ഇളവ് വരുത്തുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യഘട്ടത്തെ ചെലവുകൾക്കായി 5,160 കോടി രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 2,00,000 രൂപയും മാതൃകാ മത്സ്യഗ്രാമത്തിൽ വീടുകൾ നിർമ്മിക്കുന്നതിന് 2,50,000 രൂപയും അടക്കം 6,573 വീടുകളുടെ നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. സ്വന്തമായി സ്ഥലം ഇല്ലാത്തവർക്കുവേണ്ടി 20 കോടി രൂപ ചെലവിൽ ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതി ഈ വർഷംതന്നെ ആവിഷ്കരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി നൽകിക്കൊണ്ട് 200 ലിറ്റർവരെ മണ്ണെണ്ണ നൽകുന്നതിന് നടപടി സ്വീകരിക്കും. മത്സ്യത്തൊഴിലാളികളുടെ സ്വാഭാവിക മരണത്തിനുകൂടി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പാക്കും. മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കുന്നതിനും തുടർന്ന് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന ധനസഹായങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് 2 ലക്ഷം രൂപയുടെ

ധനസഹായം അനുവദിക്കുന്നതിനും ശുചിത്വതീരം പദ്ധതിയനുസരിച്ച് ടോയ്‌ലറ്റ് നിർമ്മാണത്തിനായി അപേക്ഷിച്ച എല്ലാവർക്കും 17500 രൂപ വീതം അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അന്തിക്കാട്, അഴീക്കോട് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഫിഷ് പ്രോസസിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ 37 മത്സ്യവിപണന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും തേവരയിൽ അക്വാലാബ് സ്ഥാപിക്കുന്നതിനും പുതിയതായി 26 മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അടുത്ത രണ്ടുവർഷം 200 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്കുകൂടി അനുവദിക്കുന്നതിനും സ്കോളർഷിപ്പ് അടക്കമുള്ള ആനുകൂല്യങ്ങൾ ഇ -ഗ്രാന്റ്സ് പദ്ധതി മുഖേന നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി പെൻഷൻ തുക 600 രൂപയായി വർദ്ധിപ്പിക്കുകയും ഓണത്തിന് മുമ്പ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ചേറ്റുവ, ചെറുവത്തൂർ, തലായ്, കാസർഗോഡ് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും കൊയിലാണ്ടി, മുതലപ്പൊഴി മത്സ്യബന്ധന തുറമുഖങ്ങളുടെ

നിർമ്മാണം പുനരാരംഭിക്കുന്നതിനും അർത്തുങ്കൽ, വെള്ളയിൽ, താനൂർ ഹാർബറുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണവും തോട്ടപ്പിള്ളി മത്സ്യബന്ധനതുറമുഖത്തിന്റെ നവീകരണ പ്രവൃത്തിയും ഈ വർഷം ആരംഭിക്കുന്നതാണ്. വിഴിഞ്ഞം, തങ്കശ്ശേരി, പുതിയാപ്പ, ചോമ്പാൽ, അഴീക്കൽ എന്നിവിടങ്ങളിൽ ഐസ് പ്ലാന്റ് & കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്നതാണ്. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികൾക്കും കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനുമുള്ള രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പൊന്നാനി തുറമുഖ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും കൊല്ലത്ത് യാത്രാക്കപ്പൽ അടുപ്പിക്കുന്നതിനുവേണ്ടി ബർത്ത് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തീരദേശപരിപാലന നിയമവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുകൂട്ടുകയും സി.ആർ.ഇസഡ്. മാപ്പിംഗ് പൂർത്തിയാക്കി കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആന്റി നാർക്കോട്ടിക്‌ഡേ ഡ്രൈ ഡേ ആയി ആചരിക്കുന്നതു സംബന്ധിച്ച ഉത്തരവ് ഇറക്കുന്നതോടൊപ്പം മദ്യ ഉപഭോഗത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സോഷ്യൽ

മീഡിയകളെ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി മദ്യനിരോധനം പ്രാവർത്തികമാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 418 ബാറുകൾ പൂട്ടിയതിനെത്തുടർന്ന് 2014 ഏപ്രിൽ മുതൽ ജൂൺ 28 വരെ 282 കോടി രൂപയുടെയും നികുതി വരുമാനത്തിൽ പ്രതിദിനം 2.8 കോടി രൂപയുടെയും വർദ്ധനവും നിലവിലുള്ള ബാർ ഹോട്ടലുകളിൽ 84 ശതമാനം അധിക വിറ്റുവരവുമുണ്ടായിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 60-നെതിരെ 70 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.09-ന് പിരിഞ്ഞു.

* * * * * * * * * *